"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - ലീഗൽ മെട്രോളജി- തിരുവനന്തപുരം അസിസ്റ്റന്റ് കൺട്രോളറുടെ കാര്യാലയത്തിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ടി.വിജയകുമാറിന് പലിശരഹിത ചികിത്സാവായ്പ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.50/2023/CAD തീയതി,തിരുവനന്തപുരം, 16-09-2023

---

പരാമർശം:-

1. സ.ഉ.(അച്ചടി).നം.45/1997/ആ.കു.വ തീയതി 18-02-1997
2. സ.ഉ.(അച്ചടി).നം.285/2000/ആ.കു.വ തീയതി 02-11-2000
3. സ.ഉ.(അച്ചടി).നം.298/2001/ആ.കു.വ തീയതി 20-11-2001
4. ശ്രീ.ടി.വിജയകുമാറിന്റെ 16-08-2023 തീയതി രേഖപ്പെടുത്തിയ പലിശ രഹിത ചികത്സാ വായ്പ്പയ്ക്കുള്ള അപേക്ഷ.
5. ലീഗൽ മെട്രോളജി കൺട്രോളറുടെ 19-08-2023 ലെ ബി4-1602/2023 നമ്പർ കത്ത്.

**ഉത്തരവ്**

ലീഗൽ മെട്രോളജി തിരുവനന്തപുരം അസ്സിസ്റ്റന്റ് കൺട്രോളറാഫീസിലെ ഇൻസ്പെക്ടിംഗ് അസ്സിസ്റ്റന്റ് ശ്രീ. ടി.വിജയകമാറിന് (പെൻ നം. 377062 , ജനന തീയതി 25-05-1969 ) തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻറ്റ് ടെക്നോളജിയിൽ ആൻജിയോപ്ലാസ്റ്റി നടത്തുന്നതിയിലേയ്ക്കായി ₹1,00,000/- (ഒരു ലക്ഷം രൂപ മാത്രം) പലിശ രഹിത ചികത്സാ വായ്പ്പ അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച പരാമർശം (4) അപേക്ഷ പരാമർശം (5) പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം അസ്സിസ്റ്റന്റ് കൺട്രോളറാഫീസിലെ ഇൻസ്പെക്ടിംഗ് അസ്സിസ്റ്റന്റ് ശ്രീ. ടി.വിജയകമാറിന് തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻറ്റ് ടെക്നോളജിയിൽ ആൻജിയോപ്ലാസ്റ്റി നടത്തുന്നതിലേയ്ക്കായി ₹1,00,000 (ഒരു ലക്ഷം രൂപ മാത്രം) പലിശ രഹിത ചികത്സാ വായ്പ്പ അനുവദിച്ച് ഉത്തരവാകുന്നു. .ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02) " എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

3) ഇപ്രകാരം അനുവദിച്ച ₹1,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ.ടി.വിജയകുമാർ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ

സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിത്സാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ എന്നും, അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ എന്നും അറിയിക്കുന്നു. മേൽ കാര്യങ്ങൾ ലീഗൽ മെട്രോളജി കൺട്രോളർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI KUMAR B
ഡെപ്യൂട്ടിസെക്രട്ടറി

ലീഗൽ മെട്രോളജി കൺട്രോളർ, തിരുവനന്തപുരം,
ശ്രീ.ടി.വിജയകുമാർ, ഇൻസ്പെക്ടിംഗ് അസ്സിസ്റ്റന്റ്, അസ്സിസ്റ്റന്റ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ),തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (L3/178/2023/FIN dated 15/9/2023)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (G2/1046/2023/H&FWD dated 11/9/2023 )
നവ-ദൃശ്യ-അച്ചടി വിഭാഗം,(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സി.എ.4/80/2023/സി.എ.ഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ